# അവകാശം കടലാസ്സിൽ മാത്രം പോരാ

ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ

**ജനാധിപത്യത്തിന്റെ നിലനിൽപ്പ് ക്രിയാത്മകമായ വിമർശനത്തിലാണ്. അതിന് ഭരണാധികാരികൾ ചെയ്യുന്ന കാര്യങ്ങൾ ജനങ്ങൾ അറിയണം. ജനാധിപത്യം വിജയിക്കണമെങ്കിൽ ഭരണകർത്താക്കൾ ചെയ്യുന്ന കാര്യങ്ങൾ അറിയാനുള്ള അവകാശം നിലനിന്നേ കഴിയൂ. ഇന്ത്യ പൂർണ്ണമായും ഒരു ജനാധിപത്യ രാജ്യ മാകണമെങ്കിൽ ഈ നിയമം ഫലപ്രദമായി ഉപയോഗിക്കുവാൻ ജനങ്ങൾ പഠിക്കണം.**

ഇന്ത്യയിലെ ജനങ്ങളായ നാം അറിയാനുള്ള അവകാശം ആവശ്യപ്പെടുന്നു. അധികാരം ജനങ്ങൾക്കു വേണ്ടി ഉപയോഗിക്കാനായി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്മാർ - അധികാരപ്രഭുക്കൾ - അധികാരം ദുരുപയോഗിക്കുമ്പോൾ ജനങ്ങൾക്ക അതിനെക്കുറിച്ച് അറിയാൻ അറിയാനുള്ള അവകാശമുണ്ട്. പൊതുജനങ്ങളുടെ ഭരണമാണ് ജനാധിപത്യം. അവർക്ക് അധികാരം അർത്ഥവത്തായി ഉപയോഗിക്ക ണമെങ്കിൽ വിവരങ്ങൾ ലഭിക്കണം. അങ്ങനെ വിവരങ്ങൾ ലഭിച്ചാൽ മാത്രമേ ആ വിവരങ്ങൾ ഉപ യോഗിച്ചുകൊണ്ട് ഉത്തരവാതത്തോടെയുള്ള ക്രിയാത്മകവിമർശനം നടത്താൻ കഴിയൂ. ഭരണഘടന യിലെ 19-ാം അനുഛേദപ്രകാരം ആശയപ്രകാശന സ്വാതന്ത്ര്യം ശരിയായി ഉപയോഗിക്കാൻ സാധി ക്കണമെങ്കിൽ രണ്ടു കാര്യങ്ങൾ അനിവാര്യമാണ്. ഒന്ന് - അഭിപ്രായം മറ്റുള്ളവരെ അറിയിക്കാനുള്ള സ്വാതന്ത്ര്യം, രണ്ടാമതായി, പൊതുകാര്യങ്ങളെക്കുറിച്ച് എല്ലാ വിവരങ്ങളും ലഭിക്കാനുള്ള അവകാശം ഒരു മന്ത്രി തെറ്റായ കാര്യം ചെയ്തു എങ്കിൽ, അതിനെ സംബന്ധിച്ചുള്ള വിവരം എനിക്ക് ലഭിച്ചാൽ മാത്രമേ ശക്തമായ വിധത്തിൽ ആ നടപടിയെ വിമർശിക്കാൻ കഴിയൂ, ജനങ്ങളുടെ അഭിപ്രായങ്ങളെ സ്വാധീനിക്കാൻ സാധിക്കൂ. ചുരുക്കിപ്പറഞ്ഞാൽ ജനാധിപത്യം വിജയകരമാക്കാനാവൂ.

അറിയാനുള്ള അവകാശം പൗരന്റെ മൗലികാവകാശമാകുന്നു. ഓരോരുത്തർക്കുമുള്ള മൗലികാവകാ ശമാണിത്. അല്ലാതെ സർക്കാരിന്റെയോ നിയനിർമ്മാണസഭയുടേയോ ഔദാര്യമല്ല. ഒരു മന്ത്രിയോ നിയമസഭസാമാജികൻ അല്ലെങ്കിൽ ഒരു ന്യായാധിപനോ മറ്റ് ഏതെങ്കിലും പൊതു അധികാരം ഉപ യോഗിക്കാനുള്ള അവകാശം ലഭിച്ചയാൾ എന്തെങ്കിലും തെറ്റായി ചെയ്താൽ, അത് സ്വകാര്യ ജീവിത ത്തിൽ ആണെങ്കിൽപോലും അത് പൊതു അധികാരത്തെ ബാധിക്കുന്ന വിധത്തിലുള്ള തെറ്റുകൾ ചെയ്തിട്ടുണ്ടെങ്കിൽ അവയെക്കുറിച്ച് പൂർണ്ണമായി അറിയാനുള്ള അവകാശം എല്ലാവർക്കുമുണ്ട്. ഈ അടിസ്ഥാനത്തിലാണ് അറിയാനുള്ള അവകാശനിയമത്തെ ഞാൻ കാണുന്നത്.

അറിയാനുള്ള അവകാസം വളരെ മുൻപുതന്നെ നമ്മുടെ കോടതികൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുള്ളതാ ണ്. അമേരിക്കയിലും അലിഖിതഭരണഘടനയുള്ള ബ്രിട്ടനിലും ഈ നിയമമുണ്ട്.

നമ്മുടെ തടവറകളിൽ നടക്കന്ന് അഴിമതികളെക്കുറിച്ച്, നമ്മുടെ കോടതികളിൽ നടക്കുന്ന അഴിമതി യെക്കുറിച്ച്, മന്ത്രിമാർ ചെയ്യുന്ന തെറ്റുകളെക്കുറിച്ചെല്ലാം അറിയാൻ ജനങ്ങൾക്ക് അവകാശമുണ്ട്.

നമ്മുടെ രാഷ്ട്രപതി നാലോ അഞ്ചോ കാര്യങ്ങളെ സംബന്ധിച്ച് സുതാര്യത പാടില്ലെന്ന് പറഞ്ഞതു കേട്ട് എനിക്ക് അതിശയം തോന്നി. ഇക്കാര്യം അദ്ദേഹം ക്യാബിനറ്റിനെ അറിയിച്ചു. ഭാഗ്യവശാൽ ക്യാബിനറ്റ് അതംഗീകരിച്ചില്ല. നിയമത്തെ വ്യാഖ്യാനിക്കുന്ന ജഡ്ജിമാർ ഒന്ന് മനസ്സിലാക്കണം . രാഷ്ട്രപതി, ചീഫ് ജസ്റ്റിസ് എന്നിവർ മുതൽ കീഴോട്ടുള്ള ഉദ്യോഗസ്ഥന്മാരുടെയെല്ലാം പൂർണ്ണമായ വിവരങ്ങൾ, അവരുടെ പ്രവർത്തനങ്ങൾ എല്ലാം തന്നെ അറിയുവാനുള്ള അവകാശം ഏറ്റവും ഏഴ യായുള്ളവനും ഉണ്ട്. പൂർണ്ണമായും ഒരു ജനാധിപത്യരാജ്യമാകണമെന്ന് കരുതുന്നുവെങ്കിൽ, ഈ നിയമം ഫലപ്രദമായി ഉപയോഗിക്കാൻ കൂടി ജനങ്ങൾ പഠിക്കണം. അവകാശം കടലാസ്സിൽ എഴുതി കൊടുത്തതുകൊണ്ടുമാത്രം കാര്യമില്ല. ഈ നിയമത്തിന്റെ വ്യാപ്തി ശരിയായ രീതിയിൽ മനസ്സിലാ ക്കാൻ കഴിവുള്ള ഉദ്യോഗസ്ഥന്മാർ വേണം. അന്വേഷണങ്ങൾ വേണം. വിജിലൻസ് ഓഫീസർമാർ വേണം. പരമപ്രധാനമായ കാര്യം ഇതിനായി സമിതി രൂപീകരിക്കണം.

കോടതികൾ, ജഡ്ജിമാർ, ഉയർന്ന ഉദ്യോഗസ്ഥന്മാർ എന്നിവരെക്കുറിച്ചെല്ലാം അന്വേഷിക്കാൻ അധി കാരമുള്ളതാകണം ആ സമിതി. പ്രധാനമന്ത്രിക്കെതിരെയും നടപടി സ്വീകരിക്കാൻ സമിതിക്ക് അധി കാരം നൽകണം. പ്രധാനമന്ത്രിയെ ഉൾപ്പെടുത്തരുതെന്ന കാര്യത്തിലുള്ള തർക്കത്തിന്റെ പേരിൽ രൂപീകരണം നീണ്ടു പോയി. 'Law is what laws does' നിയമം എന്നു പറഞ്ഞാൽ ആ നിയമം എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നതാണ് പ്രധാനം. ജനങ്ങൾക്ക് അധികാരം എങ്ങനെ എത്തിച്ചു കൊടുക്കുന്നു എന്നതിന് ഏറ്റവും ആവശ്യമായിട്ടുള്ളത്. അറിയാനുള്ള അവകാശനിയമം തന്നെ യാണ്.

**ചോദ്യം** : തെരഞ്ഞെടുപ്പു കമ്മീഷൻ എന്ന സ്ഥാപനത്തിനു സമാനമായ രീതിയിലാണ് ഉദ്യോഗസ്ഥ ന്മാരെ നിയമിക്കുന്നത്. എന്നാൽ ഇവരെ നിയമിക്കുന്നതിൽ ഭരിക്കുന്ന രാഷ്ട്രീയകക്ഷിക്ക് പ്രാമുഖ്യം ലഭിക്കുന്ന രീതിയിലാണ്. നിയമനസമിതിയെത രൂപപ്പെടുത്തിയെന്ന അഭിപ്രായത്തെക്കുറിച്ച്.

**ഉത്തരം** : അങ്ങനെ സംഭവിക്കാൻ പാടില്ല. പക്ഷെ എപ്പോൾ കമ്മീഷനുകളെ നിശ്ചയിക്കുമ്പോഴും സർക്കാരുകൾ പലവിധത്തിലുള്ള സ്വാധീനം ഉപയോഗിച്ചുകൊണ്ട് വേണ്ടപ്പെട്ട ആളുകളെ നിശ്ച യിക്കും തെരഞ്ഞെടുപ്പിൽ സർക്കാർ മാറിക്കൊണ്ടിരിക്കും. അപ്പോൾ നിയമിക്കപ്പെട്ട ആളുടെ രാഷ്ട്രീയ പരിഗണനകൾക്ക് അതീതമായി നിയമിക്കണം.

**ചോദ്യം** : നിയമനസമിതിയിൽ ചീഫ് ജസ്റ്റിസിനെ ഉൾപ്പെടുത്തിക്കൊണ്ടാണ് കരടുബില്ലവതരിപ്പിച്ച തെങ്കിലും പിന്നീടി ചീഫ് ജസ്റ്റിസിനെ ഒഴിവാക്കുകയാണ് ചെയ്തത്. ഇത് ഉചിതമാണോ?

**ഉത്തരം** : ചീഫ് ജസ്റ്റിസിനെക്കൂടി ആ സമിതിയിൽ ഉൾപ്പെടുത്താമെന്നാണ് എന്റെ അഭിപ്രായം. കാരണം രാഷ്ട്രീയക്കാരാണ് ബാക്കിയുള്ളവരൊക്കെ ഇത്തരത്തിലുള്ള നിയമകാര്യങ്ങളിൽ

രാഷ്ട്രീയം ഒഴിഞ്ഞുനിൽക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ ചീഫ് ജസ്റ്റിസിനെക്കൂടി ഉൾപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം.